per cent of the cases occur out of pollution. The poor man may be walking along the road and the other caste-man may be coming after his bath. He is polluted and the Harijan is ill-treated. The caste-man knows he is only a trifle and he can be dealt with in any way. Therefore I request all the Hon'ble Members of this House to unanimously support this resolution.

Resolution put and negatived.

Mr. M. K. Raman.—A poll, Sir,

The House divided—Ayes 4 and noes 13.

Ayes.	Noes.
1. Mr. K. Ayyappan	1 Mr. K. Achyuta Menon
2. ,, M. A. Chakko	2 ,, M. P. Cherian
3. ,, M. K. Raman	3 ,, U. Kandar Menon
4. ,, K. P. Vallon	4 ,, P. Krishna Menon
	5 ,, C. J. Mathew
	6 ,, M. D. Narayana Ayyar
	7 ,, T. Narayana Menon
	8 ,, P. Nilakanta Menon
	9 Dr. D. Raghavendra Rao
	10 Rama Varma Tampuran
	11 Mr. P. V. Raphael
	12 ,, P. V. Subramania Ayyar
	13. ,, A. Sankara Poduval

Mr. K. Ayyappan.—We have a non-official majority.

As the mover was absent the following resolution was considered withdrawn :

Mr K. T. Mathew.—"This Council requests the Government to introduce in the Legislative Council a Local Option Bill.

4. Appointments in the depressed class students' Hostel.

മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കുവേണ്ടി തുടങ്ങുവാൻ പോകുന്ന ഹോസ്റ്റലിൽ മാനേജർ തുടങ്ങിയുള്ള ഉദ്യോഗം അധഃകൃതർക്കുതന്നെ കൊടുക്കേണ്ടതാണെന്നു് ഈ സഭ ശവമ്മെണ്ടിനോടു അഭ്യർത്ഥിക്കുന്നു. ഈ നിശ്ചയത്തെ എങ്കിലും ശവമ്മെണ്ടു് ദയവായി സ്വീകരിയ്ക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു. ശവമ്മെണ്ടുദ്യോഗങ്ങളിൽ അധഃകൃതരെ നിയമിക്കണമെന്നാവശ്യപ്പെടുമ്പോൾ അതിനു പല ഒഴികഴിവുകൾ പറവാൻ ഉണ്ടാകും. ഇതൊക്കെ അന്യന്റെ കയ്യിൽ ഏല്പിക്കുമ്പോൾ ഞങ്ങൾക്കുണ്ടാകുന്ന ഉപദ്രവം കൊണ്ടാണു് അധഃകൃതർക്കു തന്നെ കിട്ടണമെന്നു പറയുന്നതു്. ഇതുവഴി കിട്ടിയതുകൊണ്ടു് വലിയ കാര്യമൊന്നുമുണ്ടാകാനില്ല. അന്യന്മാരെ നിയമിക്കുന്നതുകൊണ്ടു് അവരിൽ പലരും പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരുണ്ടു്. അതിനെ സംബന്ധിച്ചു പാകയാണെങ്കിൽ മാലക്കുടിയിലുള്ള അധഃകൃത കാളനായിലെ മാനേജർ ഉദ്യോഗം ഒഴിവു വന്നപ്പോൾ അതിനു് ഒരധഃകൃതനെ നിയമിക്കണമെന്നും, ചെറിയ ചെറിയ ഉദ്യോഗങ്ങൾ അധഃകൃതർക്കുതന്നെ കൊടുക്കണമെന്നും സംരക്ഷകനോടു പലതവണയും ആവശ്യപ്പെടുകയും എഴുതി അയക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം ചെയ്യിട്ടും അതെല്ലാം മറ്റുള്ളവക്കാണ് കൊടുത്തു കാണുന്നതു്. അതോത്താൽ വളരെ കഷ്ടംതന്നെയാണു്. ചാലക്കുടി കാളനി സ്ഥാപിച്ചിട്ടു് ഉദ്ദേശം ഫർ-ൽപരം വഷ്ങ്ങളായി. അവിടെയുള്ള അധഃകൃതക്കു് യാതൊരു സ്വാതന്ത്ര്യവുമില്ല. എപ്പോഴും അവിടെ വഴക്കേയുള്ളു. ഈ അടുത്ത അവസരത്തിൽ തന്നെ ഗവമ്മെണ്ടിൽ നിന്നും നിയമിച്ചിട്ടുള്ള അവിടത്തെ മാനേജരും അദ്ദേഹത്തിന്റെ മില കൂട്ടരുംകൂടി ഒരു അധഃകൃതനെ കഠിനമായി ദേഹോപദ്രവം ഏല്പിക്കയുണ്ടായി. ഈ സംഭവം നടക്കുമ്പോൾ ഞാൻ കൂടിയുണ്ടു്. ഇമ്മാതിരിയുള്ള സംഭവങ്ങളിൽനിന്നു വിടുതൽ കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ resolution കൊണ്ടുവന്നിട്ടുള്ളതു്. അതിനാൽ ഗവമ്മെണ്ടു് ഈ resolution-നെ സ്വീകരിച്ചു വേണ്ടതു പ്രവൃത്തിക്കുമെന്നാണു് എന്റെ ഉദ്ദേശം.

Mr. K. Ayyappan.—I second it.

രാമവമ്മ തമ്പുരാൻ.—ഇന്നുരാവിലെ ഒരു മറുപടി പറഞ്ഞതുപോലെ ഒഴിവുവരുമ്പോൾ അധഃകൃതക്കു കൊടുക്കാവുന്ന ഉദ്യോഗം അവർക്കുതന്നെ കൊടുപ്പാൻ യാതൊരു വിരോധവുമില്ല.

മിസ്റ്റർ എം. കെ. രാമൻ.— ഈവക കാര്യങ്ങളിൽ ഇങ്ങനെ ഗവമ്മെണ്ടിൽ നിന്നും മറുപടി പറയുന്നതു വളരെ പോരായ്മയാണു. നിവൃത്തിയുണ്ടെങ്കിൽ കൊടുക്കാമെന്നു്. ഈ അധഃകൃതക്കുവേണ്ടി തുടങ്ങുന്ന ഒരു ഹോസ്റ്റലിൽ മേൽനോട്ടത്തിനായി അവരുടെ ആളുകളെതന്നെ വയ്ക്കുന്നതിൽ അത്ര നിവൃത്തികേടു് എന്താണു് ഗവമ്മെണ്ടിനുള്ളതെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങളും പോലും അവർക്കു കൊടുത്തില്ലെങ്കിൽ പിന്നെ എന്തുകൊടുപ്പാനാണു് ഗവമ്മെണ്ടു് ശ്രമിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ.—ഇതു് ഗവമ്മെണ്ടു് നല്ലവണ്ണം ആലോചിച്ചു പറയുന്ന ഒരു മറുപടിയല്ലെന്നാണു് എനിക്കു തോന്നുന്നതു്. അവരെ ഉയർത്തണമെന്നുണ്ടു് നമ്മുടെ ഉദ്ദേശം. അതിനാൽ ഗവമ്മെണ്ടിൽ നിന്നു് ഇതിനെപ്പറ്റി നല്ലപോലെ ആലോചിച്ചു് വേണ്ടതുപോലെ നടത്തി കൊടുക്കേണ്ടതാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഗവമ്മെണ്ടു് ആലോചിച്ചു പ്രവൃത്തിക്കാമെന്നു പറഞ്ഞതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. അധഃകൃത സംരക്ഷണക്കുവേണ്ടി ഗവമ്മെണ്ടിൽ നിന്നും ചിലവിടുന്ന സംഖ്യ അവർ നന്നാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെങ്കിൽ അവരെ അടിമകളാക്കി തീർക്കാതെ സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തു രക്ഷിക്കുകയാണു് വേണ്ടതു്. ഗവമ്മെണ്ടു് ഇതിൽ വേണ്ടപോലെ ആലോചിച്ചു പ്രവൃത്തിക്കാമെന്നു പറയുന്നതുകൊണ്ടു് ഞാൻ ഇതിനെ പിൻവലിക്കുന്നു.

Resolution was with leave withdrawn.

LIBRARY ARCHIVES Kerala Legislative Assembly